# ഗവ.എൽ.പി സ്കൂൾ

## കോഴിമുക്ക് സൗത്ത്

## എടത്വാ, പാണ്ടങ്കരി



## സ്ഥാപിതം –1907

# ഗവ. എൽ. പി സ്കൂൾ

## കോഴിമുക്ക് സൗത്ത്

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025–2026

| | | |
|---|---|---|
| ഉപജില്ല | – | തലവടി |
| വിദ്യാഭ്യാസ ജില്ല | – | കുട്ടനാട് |
| ജില്ല | – | ആലപ്പുഴ |

| | | |
|---|---|---|
| Name of School | : | Govt. L P S Kozhimuck South |
| School Code | : | 46309 |
| ESTD | : | 1907 |
| Name of Revenue Village | : | Thalavady |
| Name of Cluster | : | Govt. L P S Kozhimuck South |
| Name of Panchayath | : | Edathua |
| Name of Sub- District | : | Thalavady |
| Name of Block | : | Champakulam |
| Name of Educational Dist. | : | Kuttanadu |
| Name of revenue Dist | : | Alappuzha |
| Name of H M with Phone | : | Sudharmma K P |
| | : | 9446788044 |

## ഉള്ളടക്കം


- √ ആമുഖം
- √ സ്കൂൾ ചരിത്രം
- √ നിലവിലെ അവസ്ഥാ  വിശകലനം
- √ പ്രശ്നങ്ങൾ, വെല്ലുവിളികൾ
- √ പദ്ധതി രൂപീകരണ പ്രക്രിയ
- √ വിഷയ മേഖലാ പ്രവർത്തനങ്ങൾ
- √ മോണിറ്ററിംഗ്
- √ ഉപസംഹാരം

# ആമുഖം

ആലപ്പുഴ ജില്ലയിലെ എടത്വാ പഞ്ചായത്തിൽ ഉൾപ്പെട്ട കോഴിമുക്ക് എന്ന പ്രദേശത്തു സ്ഥിതിചെയ്യുന്ന വിദ്യാലയമാണ് ഗവൺമെന്റ് എൽ. പി സ്കൂൾ കോഴിമുക്ക് സൗത്ത് .എടത്വാ പഞ്ചായത്തിലെ XI വാർഡിൽ ഈ സ്കൂൾ സ്ഥിതിചെയ്യുന്നു. കോഴിമുക്ക് , പാണ്ടങ്കരി, പോച്ച, മങ്കോട്ടച്ചിറ, പച്ചകിഴക്കുഭാഗം എന്നീ പ്രദേശങ്ങളിലെ കുട്ടികൾ ഇവിടെ അദ്ധ്യനത്തിനായി എത്തുന്നു.

വിദ്യാലയ വികസനത്തിന് ഗ്രാമത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. പ്രദേശവാസികൾ രക്ഷിതാക്കൾ, പൂർവ്വന വിദ്യാർഥികൾ, അദ്ധ്യാപകർ, ജന പ്രതിനിധികൾ, വിദ്യാഭ്യാസ പ്രവർത്തകർ, വിവിധ റിസോഴ്സ് അദ്ധ്യാപകർ തുടങ്ങിയവരുടെ പങ്കാളിത്തത്തോടെ വിദ്യാലയം വിവിധ മേഖലകൾ നേരിട്ടുള്ള പ്രതിസന്ധികൾ തിരിച്ചറിഞ്ഞ് അക്കാദമികവും ഭൗതികവുമായി ഉയർന്ന നിലവാരം കൈവരിക്കലാണ് ഈ വികസന പദ്ധതിയിലുടെ ലക്ഷ്യമിടുന്നത്.

ഈ അക്കാദമിക വർഷം സ്ക്കൂൾ ഏറ്റടുത്ത തീം ***'പാഠത്തിനപ്പുറം'*** എന്നതാണ് കുട്ടികൾ പഠനത്തോടൊപ്പം ആർജിച്ച ശേഷികൾ വിവിധ തുടർ പ്രവർത്തനങ്ങളിലുടെ സ്ക്കുളിനു പുറത്തുള്ള പൊതു സ്ഥലം നിരിക്ഷിച്ച് പ്രയോഗിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു

# സ്കൂൾ ചരിത്രം

സ്കൂൾ രേഖകളുടെ അടിസ്ഥാനത്തിൽ 1907 ൽ ഈ വിദ്യാലയം ആരംഭിച്ചയായി മനസ്സിലാക്കുന്നു. വർഷങ്ങൾക്കു മുമ്പ് ഒരു കുടി  പള്ളിക്കൂടത്തിന്റെ മാതൃകയിൽ മരങ്ങാട്ടു നാഥ്യാർ എന്നറിയപ്പെടുന്ന ഏക  അദ്ധ്യാപകന്റെ കീഴിൽ ആയിരുന്നു പ്രവർത്തനം ആരംഭിച്ചത്.

തോടുകളും മുട്ടുതോടുകളും പുഴകളും പുഞ്ചപ്പാടങ്ങളും നിറഞ്ഞപ്ദേശമായതിനാൽ ദൂരെയുള്ള വിദ്യാലയങ്ങളിൽ വിദ്യാഭ്യാസം ചെയ്യുക എന്നത് ഈ  നാട്ടിലെ കുട്ടികൾക്ക് ദുഷ്കരമായിരുന്നു. ഈ സാഹചര്യത്തിലാണ് ഈ പ്രദേശത്ത് ഒരു വിദ്യാലയം എന്ന ചിന്ത പ്രദേശവാസികൾക്ക് ഉണ്ടായത്. അങ്ങനെ ഈ നാട്ടിലെ 18  നായർ കുടുംബങ്ങൾ ചേർന്ന് നായർ സമാജത്തിന്റെ  വകയായി മൂലയിൽ കുഞ്ഞൗസേഫിന്റെ കൈയ്യിൽ നിന്നും വാങ്ങിയ 50 സെന്റ് സ്ഥലത്താണ് സ്കൂൾ പ്രവർത്തനം ആരംഭിച്ചത്.

ഓലക്കെട്ടിയ വിദ്യാലയം പിന്നീട്  വെട്ടുകല്ലിൽ തീർത്ത വിദ്യാലയമായി . പിന്നിട് ഗവൺമെന്റ് ഏറ്റെടുത്തു. 1 മുതൽ 4 വരെ ആയിരുന്നു ക്ലാസ്സുകൾ. 5-ാം  ക്ലാസ്സു വരെ തുടങ്ങാൻ സർക്കാർ അനുവാദം കൊടുത്തു. ആദ്യകാലങ്ങളിൽ 75 ത്തിലധികം കുട്ടികൾ ഓരോ ക്ലാസ്സിലുമുണ്ടായിരുന്നു. 1980 കളിൽ ഇംഗ്ലിഷ് മീഡിയം  അൺ ഏയ്ഡഡ് വിദ്യാലയങ്ങൾ കൂണുകൾ പോലെ മുളച്ചപ്പോൾ മധ്യവർഗ്ഗ ചിന്താഗതിയിൽ മാറ്റം വന്നു. അൺ ഏയ്ഡഡ് ഇംഗ്ലീഷ്  വിദ്യാലയങ്ങളിലേക്ക് കുട്ടികളുടെ ഒഴുക്കും ഉണായി..

ഈ വിദ്യാലയത്തിൽ പഠിച്ച പല വിദ്യാർഥികളും സമൂഹത്തിലെ ഉന്നതരായി മാറി എന്നത് അഭ്മാനത്തോടെ പറയാവുന്നതാണ്.

രാഷ്ട്രീയ മണ്ഡലങ്ങളിൽ പ്രവർത്തിച്ചിരുന്ന പരേതനായ ശ്രീ. വിജയരാഘവൻ അദ്ദേഹത്തിന്റെ ശരീരാവയങ്ങൾ മരണാനന്തരം ദാനം ചെയ്ത് മാതൃക കാട്ടിയത് ഈ സ്കൂളിനെ സംബന്ധിച്ച് അഭിമാനകരമായ ഓർമ്മയാണ്. ബാങ്ക് ഓഫ് ബറോഡ മാനേജർ ശ്രീ. ദേവിദാസ് സർ, ചാർട്ടേഡ് അക്കൗണ്ടന്റായിരുന്ന  ആന്റണി  ഫ്രാൻസിസ്  പേരങ്ങാട്ട്,  യു എസ് എ ൽ ഡോക്ടറായ ശ്രീ.. സുരേഷ് , എൻജിനീയറായ സഹോദരൻ ഗണേഷ്,  അദ്ധ്യപികയും പ്രിൻസുപ്പാലുമായ  സഹോദരീ ഗീത , ചുണ്ടൻ വള്ളങ്ങളുടെ  ശില്പി പരേതനായ ശ്രീ. നാരായണൻ ആചാരി, സാഹിത്യകാരൻ പി. കെ. പരമേശ്വരൻ നായർ, പരേതനായ ശ്രീ. വീര രാഘവൻ നായർ (സിനിമ നടൻ ഗുരുവായുരപ്പൻ സിനിമയിൽ പൂന്താനമായി അഭിനയിച്ചു) എന്നിവരും  വി എം. ജോളി ( അറ്റോമിക് റിസർച്ച് സെന്റർ മുംബൈ), ജോസഫ് ഫ്രാൻസിസ് (മസ്കറ്റ്) റവ. ഫാദർ തോമസ് വേണാട് , കെ. കെ.  രാധാകൃഷ്ണൻ  നായർ  ( അഡ് . അസിസ്റ്റന്റ്)  ജി . സുലോചനാദേവി (റിട്ടേ എച്ച്.എം. എൻ. എസ്. എസ്. ഹൈസ്കൂൾ ) എന്നിവരും  ഈ വിദ്യാലയത്തിന്റെ മികവുകളാണ്.

# സ്കൂൾ മികവിന്റെ കാഴ്ചപാട്

കുട്ടികളുടെ എണ്ണം കുറയുന്ന സർക്കാർ വിദ്യാലയമായി മാറുന്നു. എല്ലാവരുടെയും (പ്രദേശത്തെ) മികവിന്റെ കേന്ദ്രമായി വിദ്യാലയം മാറ്റണം എല്ലാ കുട്ടികൾക്കും ശിശു സൗഹൃദപരമായ അന്തരീക്ഷം സൃഷ്ടിക്കും . പാഠ്യപാഠ്യേതര വിഷയങ്ങളിൽ ആവശ്യമായ പിന്തുണകൾ ലഭ്യമാക്കും. യാത്രാ സൗകര്യങ്ങൾക്ക് പരിഹാരം കണ്െത്തി പരിഗരിക്കും മെച്ചമായ ഭൗതിക സാഹചര്യങ്ങൾ പാഠ്യ പാഠ്യേതര വിഷയങ്ങൾക്ക് ആവശ്യമായ ശ്രദ്ധ കൊടുക്കുന്ന വിദ്യാലയമാകും . കളിസ്ഥലം , കളിയുപകരണങ്ങൾ അഭിരുചിക്കനുസൃതമായ അന്തരൂക്ഷം . അദ്ധ്യാപകർ അവരുടെ സഹായിയും സുഹൃത്തുമായി മാറും . പാഠ്യ പുസ്തകങ്ങളുടെ ഭാരം ഇല്ലാത്തതായിരിക്കും . ഉച്ചഭക്ഷണം , പ്രഭാത ഭഷണം ഇവ കുട്ടികളുടെ ആരോഗ്യത്തിനും അഭിരുചിക്കും അനുസരിച്ച് ആകും കുട്ടിയുടെ താൽപര്യത്തിനുസരിച്ച് വായനാമുറികൾ ഉണ്ടാകും. ഗണിത- ശാസ്ത്ര- പരിസര കാർഷിക - സുരക്ഷാ ക്ലബ്ബുകൾ ഏറ്റവും മികച്ചതാകും കംപ്യുട്ടർ ലാബ്, ശാസ്ത്ര ലാബ് എന്നിവ മെച്ചപ്പെടും . കംപ്യുട്ടർ ലാപ്ടോപ്പ് എന്നിവ അനായാസം കൈകാര്യം ചെയ്യാൻ കഴിയുന്ന കുട്ടികളാകും . വിവരസാങ്കേചിക വിദ്യയെ കൈപ്പിടിയിലെത്തിക്കും, ജൈവ വൈവിധ്യ പാർക്ക്, ഔഷധത്തോട്ടം, പൂന്തോട്ടം , ശലഭോദ്യാനം എന്നിവ പ്രവർത്തികമാകും, ശുചിത്വവും ആരോഗ്യകരവുമായ അന്തരീക്ഷം , ഭക്ഷണം വെക്കാനും, വിളമ്പാനും കഴിക്കാനും മെച്ചമായ അന്തരീക്ഷം ഇവ ലക്ഷ്യത്തിലെത്തിക്കും. അന്തരാഷ്ട്ര പഠന നിലവാരം ഉറപ്പു വരുത്തുന്നതിനാവഷ്യമായ പഠനോപകരണങ്ങൾ ലഭ്യമാക്കും . വിദ്യാർത്ഥിയുടെ കഴിവിന്റെ സമസ്ത മേഖലകളുടെയും വികസം ലക്ഷ്യമിടും ഓരോ കുട്ടിയും വ്യത്യസ്തമായ കഴിവുകൾ ഉള്ളവരാണ്. കഴിവിന്റെ വൈവിധ്യത്തെ മാനിക്കുന്നതാണ് യഥാർത്ഥ വിദ്യാഭ്യാസം.

# ഇപ്പോൾ അവസ്ഥ

`ഭൗതിക സാഹചര്യങ്ങളിൽ മെച്ചപ്പെട്ട എ. ഇ. ഒ, ബി.ആർ. സി. എന്നീ വിദ്യാഭ്യാസ ആഫീസുകളിൽ നിന്നുള്ള ഉപദേശവും ലഭിക്കുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എസ്. എം. സി, പി. റ്റി. എ, എം. പി. റ്റി. എ തുടങ്ങിയ പിന്തുണാ സംവിധാനങ്ങളും ഫലപ്രദമായി പ്രവർത്തിക്കുന്നു. സഹകരണവും ഉണ്ട്.

മെച്ചപ്പെട്ട സ്കൂൾ കെട്ടിടങ്ങൾ, ക്ലാസ് മുറികൾ, യൂണിഫോം, കുടിവെള്ള സംവിധാനം, ടോയ്‌ലെറ്റ്- യൂണിനൽ സൗകര്യങ്ങൾ, പരിസരശുചിത്വം, പോഷകാഹാര സമൃദ്ധമായ ഉച്ചഭക്ഷ പരിപാടി , പ്രഭാതഭക്ഷണം തുടങ്ങിയവ മെച്ചപ്പെട്ട സാഹചര്യങ്ങൾ ഉണ്ടെങ്കിലും പ്രവേശനം തേടുന്നവരുടെ എണ്ണം കുറയുന്നതായി കണക്കുകൾ കാണിക്കുന്നു.

1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിൽ 20 ഉം പ്രീപ്രൈമറി -10 ഉം ആകെ -30 കുട്ടികളാണ് ഇവിടെ പഠിക്കുന്നത്.

നിലവിലുള്ള അദ്ധ്യാപകർ ക്ലാസ്സുകൾ മെച്ചമായ രീതിയിൽ കൈകാര്യം ചെയ്യുന്നു. രക്ഷകർത്താക്കളുടെ നിർദ്ദേശപ്രകാരം എസ്. എം. സി യുടെയും അദ്ധ്യാപകരുടെയും സഹായ സഹകരണത്തോടു കൂടി പ്രീ-പ്രൈമറി 2012 മുതൽ പ്രവർത്തിച്ചു വരുന്നു. നിലവിൽ 10 കുട്ടികൾ പഠിച്ചുകൊണ്ടിരിക്കുന്നു.

## ലക്ഷ്യങ്ങൾ

കുട്ടികൾക്ക് താല്പര്യമുണർത്തുന്ന രീതിയിൽ വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും  വിദ്യാലയത്തിലേയ്ക്ക്  ആകർഷിക്കുന്നതിനും

പ്രദേശത്തിന്റെ സാധ്യതകൾ  വിദ്യാലയത്തിന്റെ വികസനത്തിനായി ഉപയോഗപ്പെടുത്തന്നതിന്.

പ്രാദേശിക വിദഗ്ധരുടെ സോവനം വിദ്യാലത്തിൽ പ്രയോജനപ്പെടുത്തുന്നതിന്

അയൽപക്ക വിദ്യാലയം എന്ന സങ്കല്പത്തിലൂന്നി പ്രദേശത്തെ വിദ്യാർത്ഥികളെ  വിദ്യാലയത്തിലെത്തിക്കുന്നതിന്.

കുട്ടികളുടെ എഴുത്ത്, വായന, ഗണിതം  തുടങ്ങിയവ നൈപുണ്യകളെ യാഥാർത്ഥ ജീവിതവുമായി ബന്ധിപ്പിച്ച് പരിപോഷിക്കുന്നതിന്

പഠന പ്രവർത്തനങ്ങളിൽ കുട്ടികൾക്ക്  കുടുതൽ താല്പര്യമുണർത്താൻ സാമൂഹ്യ പങ്കാളിത്തത്തോടെ  പഠനാനുബന്ധ പരിപാടികൾ സംഘടിപ്പിക്കുന്നതിന്.

1 മുതൽ 4 വരെ  ക്ലാസ്സുകളിൽ ഭാഷ,  ഗണിതം, പരിസരപഠനം എന്നിവയിലെ അറിവും കഴിവും  പ്രയോജനപ്പെടുത്തി സാമീഹിക സന്ദർഭങ്ങളിൽ പ്രയോഗിക്കാൻ കുട്ടികളെ സഹായിക്കുക.

ഓരോ ക്ലാസ്സിലും  പാഠ്യ പദ്ധതി  വിഭാവനം  ചെയ്ത കാര്യങ്ങൾ  നേടിയെടുക്കാൻ കുട്ടിയെ മികവിന്റെ തലങ്ങളിലേയ്ക്ക് ഉയർത്താൻ ആവശ്യമായ പ്രക്രീയാധിഷ്ഠിതമായ പഠന ബോധന പ്രവർത്തനങ്ങൾ കുടുതൽ ഫലപ്രദമായി  നടത്തുക.

സ്കൂളിൽ  എത്തിച്ചേരുന്നഎല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

കുട്ടികളുടെ സർഗ്ഗപരവും  അക്കാദമികവും  കായികപരവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിക്കുക.

ഇംഗ്ലിഷ് , ഹിന്ദി പഠനത്തിനും  ആശയ വിനിമയത്തിനും സഹായകരമായവിധത്തിൽ ഇംഗ്ലീഷ്, ഹിന്ദി ഭാഷ നൈപുണ്യം വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക. ഇതിനായി ഹലോ ഇംഗ്ലിഷ് , സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം  നൽകുക.

പ്രതിഭ പോഷണ പരിപാടികൾ- അക്കാദമിക പദ്ധതിയുടെ ഭാഗമായി വ്യത്യസ്ത നിലവാരക്കാർക്കുള്ള സവിശേഷ പദ്ധതികൾ നടപ്പിലാക്കുക.

## പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ

- കലാ-കായിക പ്രവൃത്തി പരിചയ പോലുള്ള മേഖലകൾക്ക് പരിശീലനം കൊടുക്കുന്നതിനായി സമീപത്തെ വിദ്യാലയങ്ങളിൽ അദ്ധ്യാപകരെയും സമീപത്തെ വിദഗ്ധരേയും ആശ്രയിക്കും.

- ശിശു- സൗഹൃദ പുസ്തകങ്ങളുടെയും ഗ്രന്ഥശാലയുടെയും ഉപയോഗം ഉറപ്പാക്കും രക്ഷിതാക്കളേയും , ലൈബ്രറി കൗൺസിലിനേയും സമീപിക്കും.

- അക്കാദമിക കേന്ദ്രങ്ങളായി സ്കൂൾ മാറ്റുന്നതിന്, അക്കാദമിക പ്രവർത്തനങ്ങളിൽ കലോചിതമായ മാറ്റങ്ങൾ ഉണ്ടാകുന്നിന്, അക്കാദമി പ്രവർത്തനങ്ങൾ മികവിന്റെ പരസയങ്ങളും പ്രചാരണങ്ങളുമാക്കി മാറ്റുന്നതിന് ദൃശ്യ- വാർത്താ മാധ്യമങ്ങളുടെ സഹായം തേടും.

- ഗണിതം മധുരമാക്കാൻ ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ രസകരമാക്കും റിസോഴ്സ് അദ്ധ്യാപകരുടെ സഹായം ലഭ്യമാക്കും. ഗണിത ക്ലബ്ബിന്റെ പ്രവർത്തനം മെച്ചപ്പെടുത്തും, ഉല്ലാസ ഗണിതം, ഗണിതമധുരം,ഗണിതകളികൾ വ്യായാമത്തിലുടെ ഗണിതക വ്യായമം

- സ്കൂൾ സംരക്ഷണ സമിതികൾ രൂപികരിച്ച് സ്കൂൾ പ്രവർത്തനങ്ങളെ കൃത്യമായി അവലോഹനം നടത്തേണ്ടതുണ്ട്.

- പ്രഭാതഭക്ഷണം ഉച്ചഭക്ഷണ പരിപാടി എന്നിവ യാതൊരു വീഴ്ചയും വരുത്താതെ നടത്തുന്നതിന് ബന്ധപ്പെട്ട അധികാരികളെ സമീപിക്കും.

- ഇംഗ്ലീഷ് പഠനം രസകരമാക്കാനും കുട്ടികൾക്ക് എളുപ്പം ഗ്രഹിക്കാനും കൈകാര്യം ചെയ്യുന്ന തരത്തിൽ ക്ലാസ്സുകൾ നടത്തും ഇംഗ്ലീഷ് ക്ലബ്ബ് പ്രവർത്തനം മെച്ചപ്പെടുത്തും

# വിഭവ സമാഹരണം

- പൂർവ്വാദ്ധ്യാപകർ , വിദ്യാർത്ഥികൾ, വിദ്യാലയ സംരക്ഷണ സമിതികൾ എന്നിവയുടെ പ്രവർത്തനങ്ങൾ വഴി വിഭവ സമാഹരണം നടത്താം.

- പ്രദേശത്തെ സന്നദ്ധ സംഘടനകളെ ആശ്രയിക്കാം

- സമഗീതം, കലാ- കായികം എന്നിവയുടെ പരിശീലനത്തിന് അടുത്ത സ്കൂളുകളിലെ അദ്ധ്യാപകരെ ആശ്രയിക്കാം.പൂർവ്വ വിദ്യാർഥികളെ ആശ്രയിക്കാം.

- സമൂഹത്തിലെ വിശിഷ്ട വ്യക്തികളെ ആശ്രയിക്കാവുന്നതാണ്.

- വിവിധ ക്ലബ്ബുകൾ, ഡിപ്പാർട്ട്മെന്റുകൾ, സൊസൈറ്റികൾ എന്നിവയെ ആശ്രയിക്കാം.
- സ്കൂൾ വികസന സമിതിയുടെ പ്രവർത്തനം സജീവമാക്കുക.

- എസ്. എം. സി, പി.റ്റി. എ വിവിധ ക്ലബ്ബുകൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങളിലൂടെ അവശ്യമായ സേവനം പ്രയോജനപ്പെടുത്താം.

- സ്കൂൾ ബസ് പോലുള്ള യാത്രാസൗകര്യം ഉണ്ടാകുന്നതിന് ശ്രദ്ധിക്കണം.

- അദ്ധ്യാപക -രക്ഷർത്തു വിദ്യാർത്ഥി ബന്ധം നിരന്തരം ഉണ്ടാകണം

# പ്രശ്നങ്ങൾ വെല്ലുവിളികൾ

| പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | ] ഢതി പ്രവർത്തനങ്ങൾ |
|---|---|---|
| അക്കാദമികം | | |
| ഭാഷാപരമായ പിന്നോക്കാവസ്ഥ (മലയാളം, ഇംഗ്ലീഷ്) | | അക്ഷരം ഉറപ്പിക്കുക<br>വായനാകാർഡ് |
| വായനാ പരിപോഷണം | പ്രാഥമിക നില നിർണ്ണയം | കഥ പൂർത്തിയാക്കൽ |
| രചനാ പോഷണം | ദത്തെടുക്കൽ | വായനാക്കൂട്ടം ക്ലാസ്സ് |
| ഗണിതത്തിലെ പിന്നോക്കാവസ്ഥ (സംഖ്യാ ബോധം, പ്രശ്നനിർധാരണം ക്രീയകൾ) | പ്രവർത്തന പാക്കേജ് കളികളിലൂടെ ഗണിതം ഉറപ്പിക്കൽ | ലൈബ്രറി |
| ശാസ്ത്രം | ലഘുപരിക്ഷണ പ്രോജക്ട് | പതിപ്പുകൾ |
| | | അഭിമുഖങ്ങൾ |
| കായിക പരിശീലനം | പ്രത്യോക പരിശീലന അദ്ധ്യാപക നിയമനം | |
| | | സ്കൂൾ പത്രം തയ്യാറാക്കൽ |
| പ്രവൃത്തി പരിചയ പരിശീലനം | ശില്പശാല | |
| കലാ പരിശീലനം | | നിരീക്ഷണ പുസ്തകം |
| പഠയാത്രകൾ | | |
| ലൈബ്രറി | | |
| ലാബ് | | |
| **ഭൗതികം** | | |
| ഹൈടെക് ക്ലാസ് റൂം | | നിർമ്മാണ പ്രവർത്തനങ്ങൾ |
| ലാബ്, ലൈബ്രറി | | |
| ചുറ്റുമതിൽ കെട്ടുക | | നിർമ്മാണ പ്രവർത്തനങ്ങൾ |

**മേഖല : അക്കാദമികം**

**ഉപമേഖലാ : മലയാളം, (മാതൃഭാഷ)**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക. | അക്ഷരം, ചിഹ്നം ഉറപ്പിക്കൽ, പദം, വാക്യം, ചിത്രവിവരണം കഥ പൂർത്തിയാക്കൽ | ടേം ഒന്ന് | അദ്ധ്യാപിക (മലയാളതിളക്കം എസ്. ആർ.ജി) | വിശകലനം |
| എല്ലാകുട്ടികൾക്കും മാതൃഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | വായാനാമൂല, വായാനാകൂട്ടം, ക്ലാസ്സ് ലൈബ്രറി, പത്രവായന, പുസ്തകവായന, വായനാകുറിപ്പ്, വായനോത്സവ ദിനാചരണങ്ങൾ | അദ്ധ്യായന വർഷം | ക്ലാസ്സ് ടീച്ചർ മലയാള അദ്ധ്യാപകൻ | |
| ലേഖന പോഷണം | അക്ഷര കാർഡ്, വായനാപതിപ്പ്, ക്ലാസ്സ് മാഗസിൻ, സ്കൂൾ മാഗസിൽ, ചുവർ പത്രം, കഥ-കവിത പതിപ്പ്, സ്കൂൾ പത്രം, ആസ്വാദനക്കുറിപ്പ്, അടിക്കുറിപ്പ് | അദ്ധ്യായന വർഷം ( ഹസ്വ കാലം | ക്ലാസ്സ് ടീച്ചർ എസ്. ആർ.ജി | |
| ഓരോ ചിത്രത്തെക്കുറിച്ചും പറയാൻ കഴിയുന്നു. | വീഡിയോ പ്രദർശനം | അദ്ധ്യായന വർഷം | അദ്ധ്യാപകർ കമ്പ്യൂട്ടർ അദ്ധ്യാപകർ | |
| ഭിന്നശേഷിക്കാരെ പരിഗണിക്കൽ | പ്രത്യേക പ്രവർത്തനങ്ങൾ | ആഴ്ചയിൽ 2 ദിവസം | ഐ. ഇ. ഡി സി അദ്ധ്യാപകർ | |
| സഭാകമ്പം ഇല്ലാതാക്കുക | വായിച്ച ഒരു കഥ നാടകരൂപത്തിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | ഹസ്വ കാലം മാസത്തിൽ 2 പ്രാവശ്യം | മലയാളം അദ്ധ്യാപകർ | |
| സൃഷ്ടികൾ പ്രകാശനം ചെയ്യുക. | സ്കൂൾ ബാല സഭ രൂപികരിക്കുക. | ആഴ്ചയിൽ ഒരു ദിവസം | അദ്ധ്യാപകർ | |

**മേഖല : അക്കാദമികം**

**ഉപമേഖലാ : ഇംഗ്ലീഷ് ഭാഷ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വർദ്ധിപ്പിക്കുക . | പഠന നില കണ്ടെത്തുന്നതിന് പ്രീ ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും പരിശോധിക്കുന്നു. പ്രവർത്തന പാക്കേജുകൾ തയ്യാറാക്കുന്നു. | ടേം ഒന്ന് | അദ്ധ്യാപകൻ | |
| | ഇംഗ്ലീഷ് അസംബ്ലി, പതിപ്പുകൾ, മാഗസിനുകൾ രചനാ ശില്പശാലകൾ | ആഴ്ചയിൽ രണ്ട് ദിവസം | ക്ലാസ്സ് ടീച്ചർ എസ്. ആർ .ജി | |
| കഥ പറയൽ | പാഠ ഭാഗവുമായി ബന്ധപ്പെട്ട കഥാ ഭാഗങ്ങൾ അവതരിപ്പിക്കുന്നു<br><br>സ്പേക്കൻ ഇംഗ്ലീഷ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | ജൂൺ, ജൂലൈ (വെള്ളിയാഴ്ച്ചകൾ)<br><br>ഇംഗ്ലീഷ് ഡേയായി മാറ്റുന്നു | അദ്ധ്യാപകൻ | |

**മേഖല : അക്കാദമികം**

**ഉപമേഖലാ : ഗണിതം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കുംഗണിതത്തിലെ ക്രീയകൾ, സംഖ്യാബോധം , പ്രശ്ന നിർദ്ധാരണം എന്നിവയിൽ ശേഷി വികസിപ്പിക്കൽ | സംഖ്യാചിത്രങ്ങൾ തയ്യാറാക്കൽ, സംഖ്യാബോധത്തിനായി പാറ്റേണുകൾ തയ്യാറാക്കുക. അബാക്കസ് പ്രയോജനപ്പെടുത്തുക.. | അദ്ധ്യയന വർഷം | എസ് ആർ. ജി | |
| സ്കൂളും പരിസരവും ഗണിതാശങ്ങൾ ഉൾക്കൊള്ളുന്നതാക്കുക | ഗണിത കളികൾ, മാന്തിക ചതുരങ്ങൾ തയ്യാറാക്കുക. | അദ്ധ്യയന വർഷം | ഗണിത അദ്ധ്യാപകർ | |
| വിവിധ ഗണിത വസ്തുകൾ ഉറപ്പിക്കുന്നതിന് ഗണിതമൂല കാര്യക്ഷമമാക്കുന്നു. | ഗണിത ലാബ് ഒരുക്കുന്നു. | അദ്ധ്യയന വർഷം | ഗണിത അദ്ധ്യാപകർ | |
| എസ്. എം. സി യിൽ ചർച്ച ചെയ്ത് എന്തെങ്കിലും ഒരു ഉല്പന്നം നിർമ്മിച്ചു വിതരണം ചെയ്യുന്നു. | ഇതിലൂടെ വരവ് ചിലവ് കുടുതൽ കുറവ് ലാഭനഷ്ടം എന്നീ ശേഷികൽ ഉറപ്പിക്കുന്നു. | അദ്ധ്യയന വർഷം | എസ്. എം. സി അദ്ധ്യാപകർ | |

**മേഖല : അക്കാദമികം**

**ഉപമേഖലാ : ശാസ്ത്രപഠനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും അവരുടെ പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്ന തിനും പഠന നേട്ടമുറ പ്പാക്കുന്നതിനും എല്ലാ ക്ലാസ്സിലു ശാസ്ത്രമൂല ഉറപ്പാക്കുക. | സ്കൂൾ കാമ്പസിന്റെ ജൈവവൈവിധ്യ ഉദ്യാനമാക്കി മാറ്റുന്നു. കാമ്പസിന്റെ ഒരു പാഠ പുസ്തക മായി മറ്റുന്നു. ഔഷധ പോഷക പൂന്തോട്ടം തയ്യാറാക്കുന്നു | ജൂൺ 5 പരിസ്ഥി ദിന ത്തിനു തുട ങ്ങുന്നു<br><br>അദ്ധ്യന വർഷം | എസ്. എം. സി അദ്ധ്യാപകർ | |
| പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികളുടെയും പഠന പ്രവർത്തനങ്ങ ളിൽ പങ്കാളികളാക്കു ക. | പ്രകൃതി നടത്തം, പഠന യാത്ര | | എസ് ആർ. ജി അദ്ധ്യാപകർ | |
| പഠന പുസ്തകങ്ങ ളിൽ നിന്നുള്ള പരീ ക്ഷണ നീരീക്ഷണങ്ങൾ സാദ്ധ്യമാക്കൽ | ലാബ് സൗകര്യങ്ങൾ നവീകരിക്കുന്നു. ഹൈടെക് ക്ലാസ്സ് റൂം ശാസ്ത്ര പുസ്തകൾ വീഡിയോ ക്ലീപ്പുകൾ ശാസ്ത്ര പരീക്ഷ ണങ്ങൾ പ്രേജക്റ്റ് സ്കൂൾ ഔരു ഗ്രുപ്പ് ആയി ആഴ്ചയിൽ ഒന്നു വീതം | | അദ്ധ്യാപകർ | |

# പദ്ധതി രൂപീകരണ പ്രക്രീയ

സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് യോഗം ചേർന്ന് ചർച്ചകൾ നടത്തി അക്കാദമിക മാസ്റ്റർ പാവാനിന്റെ റിപ്പോർട്ട് ഘടനയ്ക്ക് രൂപം നൽകി. തുടർന്ന് വിവിധ അദ്ധ്യായങ്ങൾ എഴുതി തയ്യാറാക്കാൻ ചുമതലകൾ വീതിച്ചു നൽകി . എസ്. എം. സി ചേർന്ന് കരട് റിപ്പോർട്ട് അംഗീകരിച്ചു. വിവിധ വിഷയങ്ങൾ അവതരിപ്പിക്കുവാനുള്ള ആവശ്യമായ നിർദ്ദേശങ്ങൾ സ്വാംശീകരിക്കുവാൻ എച്ച്. എം. നെ ചുമതലപ്പെടുത്തി . അക്കാദമിക മാസ്റ്റർ പ്ലാൻ പ്രവർത്തനങ്ങൾ സമയബന്ധിതമായും കൃത്യമായും നടത്തിയാൽ പ്രവർത്തനങ്ങളുടെ ഫല പ്രാപ്തി എത്രത്തോളം ആണെന്നും അഴശ്യമായ ഭേദഗതി ഏതൊക്കെയെന്നും കണ്ടെത്തി വിശകലനം നടത്തി.

## ഐ. സി റ്റി

എല്ലാ വിഷയങ്ങളുമായി ബന്ധപ്പെട്ട് ഐ.സി.റ്റി.യുടെ ഉപയോഗം വളരെം പ്രാധാന്യമുള്ള താണ്. അതിനുള്ള സൗകര്യങ്ങൾ സമൂഹമായും പഞ്ചായത്തുമായും ബന്ധപ്പെട്ട് സജ്ജമാക്കുന്നു. ഓരോ യൂണിറ്റുമായും നൽകാവുന്ന ഐ. സി. റ്റി സാധ്യതയുള്ള ഭാഗങ്ങൾ എസ്. ആർ.ജി യിൽ മുൻകുട്ടി ലിസ്റ്റുചെയ്യുന്നു. അവ എങ്ങനെ കണ്ടെത്താം എന്നു മനസ്സിലാക്കുന്നു.

എല്ലാ അദ്ധ്യാപകർക്കും ഒരു ലാപ്ടോപ് എന്ന ആശയം പൂർത്തികരിക്കാനായി ശ്രമം നടക്കുന്നു.

എല്ലാ ക്ലീസ്സിലും പ്രോജകട്ർ ഉൾപ്പെടെ സജ്ജീകരിക്കാൻ ശ്രമം നടത്തുന്നു.

പൂർവ്വ വിദ്യാർത്ഥി കളുടെ സഹായത്തോടെ കുട്ടികൾക്കും രക്ഷകർത്താക്കൾക്കും അദ്ധ്യാപകർക്കും അധിക പരിശീലനം നടത്തുന്നു.

4-ാം ക്ലാസ്സിൽ നിന്നും പുറത്തു വരുന്ന കുട്ടികൾക്ക് ടൈപിംഗ്, പ്രീന്റിങ് വരെയെങ്കിലും ഉറപ്പാക്കുന്നു.

## ഹിന്ദി

ഒന്നാം ക്ലാസ്സുമുതൽ ഇംഗ്ലിഷിനോടൊപ്പം ഹിന്ദി കൂടി പഠിപ്പിക്കുന്നതിന് സൗകര്യം ഒരുക്കുന്നു. മറ്റ് അദ്ധ്യാപകരുടെ സേവനം പ്രയോജന പ്പദമാക്കുന്നു. ആഴ്ചയിൽ ഒരു ദിവസം (വെള്ളി) ചിത്ര ആൽബം ഓരോ കുട്ടിയും ഒന്നു വീതം തയ്യാറാക്കുന്നു.

## കലാകായിക പ്രവൃത്തി പരിചയ പ്രവർത്തനങ്ങൾ

- പൂർവ്വ വിദ്യാർഥികളെ വരുത്തി മാസത്തിൽ ഒരു പ്രാവശ്യം കലാ-കായിക പ്രവർത്തന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.
- പ്രഗത്ഭരായ കലാകാരന്മാരെ വരുത്തി ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു
- അദ്ധ്യാപകർക്കും , രക്ഷിതാക്കൾക്കും കലാ-കായിക പ്രവർത്തനങ്ങളിൽ പരീശിലനം നല്കുന്നു.
- പ്രവർത്തി പരിചയ മേളകൾ സ്കൂൾ തലത്തിൽ സംഘടിപ്പിക്കുന്നു.
- വായാനാ മുറ്റങ്ങളുടെ തുടർച്ചയായി കലാ- കായിക മേളകൾ സാമൂഹിക പങ്കാളിത്തത്തോടെ കാര്യക്ഷമമായി നടത്തുന്നു.
- പഴയ കലാ- കായിക ക്ലാസ്സുകൾ പുതുക്കി രൂപികരിക്കുന്നു.
- മേളകളുടെ മുന്നോടിയായി സ്കൂളിൽ കലാജാഥ നടത്തുന്നു
- മാസത്തിൽ ഒരു തവണ മികച്ച യോഗാദ്ധ്യാപകരെ വരുത്തി യോഗാക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.
- മാസത്തിൽ ഒരു പ്രവയത്തി പരിചയ ക്ലാസ്സ് രക്ഷിതാക്കളെയും പൂർവ്വ വിദ്യാർത്ഥികളെയും സംഘടിപ്പിച്ച് നടത്തുന്നു. ബി. ആർ. സിയുടെ സഹായം തേടുന്നു

- ഓരോ വിദ്യാർത്ഥിയുടെയും സർഗപരമായ കഴിവുകൾ കണ്ടെത്തി വളർത്താനും വികസിപ്പിക്കാനും വേണ്ട സന്ദർഭങ്ങളും അവസരങ്ങളും വികസിപ്പിക്കും.

## പ്രതിഭ പരിപോഷണ പരിപാടി പ്രക്രിയ

- മുൻകൂട്ടി തയ്യാറാക്കിയ ഫോർമാറ്റ് ഉപയോഗിച്ച് വിദ്യാലയത്തിലെ ഒരോ കുട്ടിയുടെയും അഭിരുചി കണ്ടെത്തൽ
- ക്ലാസ്സ് ടീച്ചർ വിവിധ വിഷയാദ്ധ്യാപകരും ചേർന്ന് ഇതു നിർണ്ണയിക്കുന്നു.
- സമാന അഭിരുചിയുള്ളവരെ ചേർത്ത് ടാലന്റ് ഗ്രൂപ്പുകൾ രൂപികരിക്കുന്നു.
- ഓരോ ടാലന്റ് ഗ്രൂപ്പിനും നടത്തിപ്പു ചുമതലയ്ക്ക് ഓരോ കമ്മറ്റി വീതം രൂപികരിക്കുന്നു.
- വിദഗ്ദ്ധരെ കണ്ടെത്തുന്നു.
- പരിശീലനത്തിനുള്ള ടൈം ടേബിൾ രൂപപ്പെടുത്തുന്നു.
- ആവശ്യമായ ഉപകരണങ്ങൽ , മറ്റു ചെലവുകൾ എന്നിവയ്ക്കുള്ള ധനസമാകരണം സ്പോൺസറിംഗിലൂടെ കണ്ടെത്തുന്നു.
- നിർണ്ണയിച്ച മേഖലയ്ക്കായി ആകെ എത്ര ചെലവ് എന്ന് തീരുമാനിക്കുന്നു.
- തുക പൂർണ്ണമായും സമൂഹ പങ്കാളിത്തത്തോടെ സമാഹരിക്കുന്നതിന് നടപടി എടുക്കുന്നു.
- സ്കൂൾ സമയം അറിഞ്ഞ് ദിവസങ്ങൽ ക്രമീകരിച്ച് പരിശീലനം നൽകുന്നു.
- വിദഗ്ദ്ധരുടെ സേവനം ഓരോ ഗ്രൂപ്പിനും ലഭ്യമാകുന്ന വിധത്തിൽ ടാലന്റ്പരിപോഷണം നടത്തുന്നു.

## പ്രതിഭ പരിപോഷണ പരിപാടി ( ടാലന്റ് ലാബ്)

## ടാലന്റുകളുടെ ലിസ്റ്റ്

| | മേഖല/ പദ്ധതി | ചെയർമാൻ / കൺവീനർ | നടപ്പാക്കുന്ന കാലഘട്ടം | പ്രതീക്ഷിക്കുന്ന ചെലവ് |
|---|---|---|---|---|
| | പ്രസംഗം | (റിട്ടേ. അദ്ധ്യാപകൻ)<br>എസ് . അജയകുമാർ | ഹ്രസ്വകാലം | 2500 |
| | നിയമ പഠനം | (റിട്ടേ. അദ്ധ്യാപകൻ) | ഹ്രസ്വകാലം | 2500 |
| | സംഗീതം | പൂർവ്വ വിദ്യാർത്ഥിനി<br>ദേവിക വിനോദ് | ദീർഘകാലം<br>ജൂൺ - മാർച്ച്<br>വൈകിട്ട് 4 - 4.30 വരെ | 30000 |
| | ചിത്രരചന | പ്രതാപൻ തകഴി | ദീർഘകാലം<br>തിങ്കൾ, വെള്ളി<br>1 മണിക്കൂർ വീതം | 25000 |
| | ശില്പ കല | ശശിധരൻ കറുകയിൽ പൂർവ്വ വിദ്യാർത്ഥി | ഹ്രസ്വകാലം<br>ശനിയാഴ്ച്ചകളിൽ | 20000 |
| | കഥപറയൽ | പൊന്നമ്മ ടീച്ചർ<br>റീട്ടയർ ആദ്ധ്യാപിക | ദീർഘകാലം<br>വെള്ളിയാഴ്ച്ച 3.30 ന് | |
| | അഭിനയം | ശ്യാമള രാജൻ<br>പൂർവ്വ വിദ്യാർത്ഥി | ഹ്രസ്വകാലം<br>മെയ് രാണ്ടമത്തെ ആഴ്ച | 10000 |
| | നിർമ്മാണം | അംബിക ടീച്ചർ<br>ബി. ആർ സി | ദീർഘകാലം<br>ആഴ്ചയിൽ 1<br>വൈ. 3.30- 4.00 | |
| | ക്രാഫ്റ്റ് വർക്ക് | പൂർവ്വ പിദ്യാർത്ഥി | ആഗസ്റ്റ് , സെപ്റ്റമ്പർ<br>വെള്ളി വൈ3.00ന് | |
| | ശാസ്ത്ര പരീക്ഷണം | പൂർവ്വ പിദ്യാർത്ഥി | ശനിയാഴ്ച്ചകളിൽ | 10000 |
| | ചരിത്രാമ്വഷണം | രാധാകൃഷ്ണൻ പി കെ<br>(റിട്ടേ. അദ്ധ്യാപകൻ) | മാസത്തിൽ ഒന്ന്<br>മാസത്തിൽ 1 | |
| | സ്പേർട്സ് | പൂർവ്വ പിദ്യാർത്ഥി | രണ്ടാം ശനിയാഴ്ച്ച | 30000 |
| | കളിമൺ രൂപ നിർമ്മതി | പൂർവ്വ പിദ്യാർത്ഥി<br>ശ്രീ. ശശിധരൻ | ഹ്രസ്വകാലം | 3000 |
| | യോഗാക്ലാസ്സ് | ലളിതാംബിക ടീച്ചർ<br>ജി. എൽ. പി എസ് ചങ്ങംകരി | മാസത്തിൽ 1 | |
| | കൃഷി | എടത്വാ കൃഷി ഓഫീസർ,<br>കർഷകൻ | ആഴ്ച്ചയിൽ 1 | 5000 |
| | പൂന്തോട്ട പരിപാലനം | Cook, SMC Cherman | അക്കാദമിക വർഷത്തിന്റെ ആദ്യം | 10000 |

| | | | | |
|---|---|---|---|---|
| | പരിസ്ഥിതി പ്രവർത്തനം | വാർഡ് മെമ്പർ | | |
| | സർഗാത്മക രചനകൾ | വായന/ലേഖനം ക്ലബ്ബ് ചാർജ്ജ് ടീച്ചർ | പരിശീലനം എല്ലാ വ്യാഴാഴ്ചയും ( മാഗസിൻ - മാസത്തിൽ 1) | |
| | | | | |
| | | | | |

## മേഖല: സാമൂഹ്യബന്ധ ആസൂത്രണം

| പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| വിദ്യാഭ്യാസ വികസന സമിതി രൂപികരണം | ജൂൺ | എസ്. എം. സി | |
| പി. റ്റി.എ/ എസ്.എം.സി രൂപികരണം | ജൂലൈ | എസ്. എം. സി | |
| പ്രതിമാസ മീറ്റീംഗ് | എല്ലാമാസവും | എസ്. എം. സി | |
| ദിനാചരണങ്ങൾ | | എസ് ആർ.ജി ടീച്ചർ | |
| ആഘോഷങ്ങൾ | ഓണം, ക്രിസ്തുമസ് | എസ്. എം. സി , | |
| സ്കൂൾ വാർഷികം | മാർച്ച് | എസ്.എം.സി,എസ് . ആർ.ജി | |
| കോർണർ പി. റ്റ. എ കൾ | എല്ലാ ടേമിലും | എസ്.എം.സി,എസ് | |
| ക്ലാസ്സ് ഫി. റ്റി. എ | എല്ലാ ടേമിലും | .ആർ.ജി | |
| രക്ഷകർത്താ ബോധവത്കരണം | എല്ലാ ടേമിലും | എസ്.എം.സി,എസ് . ആർ.ജി | |
| കംപ്യുട്ടർ സൗകര്യം | കോർണർ പി. റ്റി. എ വിദ്യാഭ്യാസ സദസ്സു കൾ | എസ്.എസ്.എ | |
| ആധുനിക സൗകര്യങ്ങളോടുകൂടിയ പാചകപുര | | നിർമ്മാണ പ്രവർത്തന ങ്ങൾ | |
| ശിശു സൗഹൃദ ഫർണീച്ചർ | | | |
| പ്രത്യേക ക്ലാസ്സ് മുറികൾ | | സ്റ്റേജ്, കർട്ടൻ വിഭജന മറയൊരുക്കൽ പ്രീപ്രൈമറിക്ക് സൗകര്യ ങ്ങൾ | |
| ജൈവവൈവിധ്യ പാർക്ക് | | | |
| കളിസ്ഥലം | | | |
| **സാമൂഹികം** | | | |
| സ്കൂളിന്റെ ഭൗതികവും അക്കാദമികവുമായ വികസ നത്തിന് വൈവിധ്യമാർന്ന ഇടപെടലുകൾ നടത്താൻ കഴിയുന്നതിനായി പൂർവ്വ അദ്ധ്യാപക വിദ്യാർത്ഥി കൂട്ടായ്മ നടത്താൻ സമയം കണ്ടെത്തണം. | | | |

[illegible]

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുരക്ഷിതത്വം | മൈനർ റിപ്പയ റിംഗ് | ഏപ്രിൽ, മെയ് | LSGD ഫണ്ട് | MLA / MP,LSGD, |
| സുരക്ഷിതത്വം | റിപ്പയറിംഗ് | ഏപ്രിൽ, മെയ് | എസ്. എം. സി | എൽ.എസ്.ജി.ഡി |
| ശിശുസൗഹൃദ അന്തരീക്ഷം | കിഡ്സ് പാർക്ക് | അദ്ധ്യന വർഷം | എസ്. എം.സി | LGDG, MLA ഫണ്ട് |
| ഭൗതിക സൗകര്യ വികസനം | ചുറ്റുമതിൽ അസംബളി പന്തൽ | അദ്ധ്യന വർഷം | SMC | LSGD എം. എൽ.എ/ എം.പി ഫണ്ട് |
| ഐ.സിയറ്റി പ്രയോജനം രക്ഷിതാക്കൾക്ക് | കമ്പ്യൂട്ടർ സൗകര്യം നല്കുക | അദ്ധ്യന വർഷം | ഐറ്റി അറ്റ് സ്കൂൾ | വിദ്യാഭ്യാസ വകുപ്പ് |
| പഠന പിന്തുണ | ലാബ്, ലൈബ്രറി | അദ്ധ്യന വർഷം | എസ് ആർ.ജി | വിദ്യാഭ്യാസ വകുപ്പ് |
| സൗന്ദര്യവത്ക രണം | ആധുനിക സൗകര്യങ്ങളോടെ ഉദ്യാനം | അദ്ധ്യന വർഷം | എസ്. എം. സി | എൽ.എസ്.ജി.ഡി |
| സൗന്ദര്യവത്ക രണം | മതിൽ കെട്ടൽ ആകർഷകമാക്കൽ | ഈ വർഷം | എസ്.എം സി | ഫണ്ട് എസ്.എസ്..എ |
| കാമ്പസ് ആസ് ക്ലീനീങ് എയിഡ് | ജൈവവൈവിധ്യ ഉദ്യാനം തയ്യാറാ ക്കൽ | ദീർഘകാലം | എസ്. എം. സി | LSGD ഫണ്ട് |
| ക്ലീൻ കാമ്പസ് | വെള്ളക്കെട്ട് ഒഴി വാക്കി പിസരം ഉയർത്തൽ | വർഷം | എസ്. എം.സി | എൽ. എസ്. ജി.ഡി |


## മോണിറ്ററിംഗ്

- സ്കൂളിലെ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നു.
- അക്കാദമിക പ്രവർത്തനങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നു.
- മികവുകൾ(അദ്ധ്യാപകർ, കുട്ടികൾ, സ്ഥാപനം) വിലയിരുത്തി മികച്ച പ്രവർത്തന ങ്ങൽക്ക് പ്രോത്സാഹനം നൽകുന്നു.

- ഓരോ മാസവും സ്ഥാപനം കൈവരിച്ച അക്കാദമിക മികവുകളുടെ റിപ്പോർട്ടിംഗ് എച്ച്. എം യോഗത്തിൽ അവതരിപ്പിക്കുന്നു.
- മോണിറ്ററിംഗ് സമിതിയുടെ അക്കാദമിക നിർദ്ദേശങ്ങൾ എല്ലാ അദ്ധ്യാപകർക്കും ലഭ്യമാകുന്നു.
- സ്കൂൾ വാർഷിക പൊതുയോഗം സംഘടിപ്പിക്കുന്നു.

## ഉപസംഹാരം

എടത്വാ ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ സാംസ്കാരിക മേഖലയിൽ നിറം ചാർത്താൻ ഞങ്ങളുടെ സ്കൂളിന്റെ ഈ ശ്രമം തുടരുമെന്നുള്ള ഉറപ്പും പ്രതീക്ഷയോടു കൂടി ഗവൺമെന്റ് എൽ. പി. എസ് കോഴിമുക്ക് സൗത്ത്.


GOVT. L. P. SCHOOL
KOZHIMUKKU SOUTH